സി.പി (3) 4196 / 2023

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്
ജവഹർ സഹകരണ ഭവൻ
തിരുവനന്തപുരം, തീയതി: 30.09.2023
വെബ് സൈറ്റ്-www.cooperation.kerala.gov.in:
ഇ-മെയിൽ- keralarcs.coop@kerala.gov.in
ടെലിഫോൺ 0471-2330726/2331891

# സർക്കുലർ നമ്പർ 33/2023

വിഷയം:- സഹകരണ വകുപ്പ് - ആഡിറ്റ് 2022-2023 -കുടിശ്ശികവായ്പ, കുടിശ്ശിക വായ്പാ പലിശ - കരുതൽ വെക്കുന്നതിൽ ഇളവ് - 29/2023 നമ്പർ സർക്കുലർ പിൻവലിച്ച് - പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന :- (1) സഹകരണ സംഘം രജിസ്ട്രാറുടെ 10.10.2007 ലെ 40/2007 നമ്പർ സർക്കുലർ നിർദ്ദേശം.
(2) സഹകരണ സംഘം രജിസ്ട്രാറുടെ08.05.2020 ലെ 34/2020 നമ്പർ സർക്കുലർ നിർദ്ദേശം.
(3) സഹകരണ സംഘം രജിസ്ട്രാറുടെ27.08.2021 ലെ 37/2021 നമ്പർ സർക്കുലർ നിർദ്ദേശം.
(4) സഹകരണ സംഘം രജിസ്ട്രാറുടെ12.07.2022 ലെ 32/2022 നമ്പർ സർക്കുലർ നിർദ്ദേശം.
(5) സഹകരണ സംഘം രജിസ്ട്രാറുടെ 07.08.2023 ലെ 29/2023 നമ്പർ സർക്കുലർ നിർദ്ദേശം.
(6) സഹകരണ ആഡിറ്റ് ഡയറക്ടറുടെ 09.08.2023 ലെ എഡി(3) 1245/2023 നമ്പർ കത്ത്.
(7) സർക്കാരിന്റെ 27.09.2023 ലെ എ2/212/2023/സഹ നമ്പർ കത്ത്.

പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ / ബാങ്കുകൾ എന്നിവയുടെ കുടിശ്ശിക വായ്പ, പലിശ എന്നിവയ്ക്ക് കരുതൽ വെക്കുന്നത് സംബന്ധിച്ച് പരാമർശം (1) പ്രകാരം സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. കോവിഡ് -19 രോഗ വ്യാപനവും തുടർന്ന് സമ്പൂർണ്ണ അടച്ചിടലും കാരണം സംസ്ഥാനത്തെ ഉത്പാദന വ്യാപാര മേഖലയിൽ ഉണ്ടായ ആഘാതത്തെ തുടർന്ന് സഹകരണ സംഘങ്ങളിലെ വായ്പ തിരിച്ചടവിൽ വലിയ കുറവ് സംഭവിക്കുകയും ഇതിലൂടെവായ്പ കുടിശ്ശികയും വായ്പകളിന്മേലുള്ള പലിശ കുടിശ്ശികയും വലിയ രീതിയിൽ വർദ്ധിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2019-20 മുതൽ 2021-22 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പരാമർശം (2), (3), (4) എന്നിവ പ്രകാരം കുടിശ്ശിക വായ്പയ്ക്കും കുടിശ്ശിക പലിശക്കും കരുതൽവെക്കുന്നതിൽ ഇളവുകൾ അനുവദിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

2019-20 സാമ്പത്തിക വർഷം മുതൽ തുടർന്നുവന്ന വായ്പ തിരിച്ചടവിലെ കുറവ് ഇപ്പോഴും നിലനിൽക്കുന്നതായും , പരാമർശം (1) സർക്കുലർ വ്യവസ്ഥ പ്രകാരം കരുതൽ വയ്ക്കുന്ന സാഹചര്യം ഉണ്ടായാൽ 2022-23 സാമ്പത്തിക വർഷത്തിൽ സംഘങ്ങൾ കൂടുതൽ നഷ്ടത്തിലേക്ക് പോകുമെന്നതിനാൽ കരുതൽ വെക്കുന്നതിൽ അനുവദിച്ചിട്ടുള്ള ഇളവുകൾ ഉദാരമാക്കി 2022-23 സാമ്പത്തിക വർഷത്തിലും ഇളവുകൾ അനുവദിക്കണമെന്ന് സഹകാരികളും സഹകരണസംഘം ജീവനക്കാരുടെ സംഘടനകളും ആവശ്യം ഉന്നയിച്ചിതിന്റെ അടിസ്ഥാനത്തിൽ സൂചന(5) പ്രകാരം സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സർക്കുലർ വ്യവസ്ഥകൾ നടപ്പിലാക്കുന്നത് ഭാവിയിൽ സംഘങ്ങളെ സാമ്പത്തിക പ്രതിസന്ധിയിൽ ആക്കുമെന്നും ആയത് പുനഃപരിശോധിക്കണമെന്നും സൂചന (6) പ്രകാരം ആഡിറ്റ് ഡയറക്ടറും, സൂചന(7) പ്രകാരം സംഘങ്ങളുടെ സാമ്പത്തിക സുസ്ഥിതി ഉറപ്പ് വരുത്തികൊണ്ട് കോവിഡ് കാലത്ത് കരുതൽ വയ്ക്കുന്നതിൽ നൽകിയ ഇളവുകൾ ഈ സാമ്പത്തിക വർഷം കൂടി തുടരുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സർക്കാരും നിർദ്ദേശിച്ചിട്ടുമുണ്ട്.

മേൽ സാഹചര്യത്തിൽ സൂചന (5) പ്രകാരം പുറപ്പെടുവിച്ച 29/2023 നമ്പർ സർക്കുലർ പിൻവലിച്ച് സൂചന (4) പ്രകാരം പുറപ്പെടുവിച്ച 32/2022 സർക്കുലർ പ്രകാരമുള്ള ഇളവ് വ്യവസ്ഥകൾ 2022-23 സാമ്പത്തിക വർഷത്തേയ്ക്കു കൂടി ബാധകമാക്കുന്നു.

40/2007നമ്പർ സർക്കുലർ നിർദ്ദേശ പ്രകാരമുള്ള വ്യവസ്ഥകളും പ്രസ്തുത സർക്കുലറിന് ഈ സർക്കുലർ പ്രകാരം നൽകിയിട്ടുള്ള ഇളവുകളും, നിർദ്ദേശങ്ങളും കർശനമായി 2022-23 സാമ്പത്തിക വർഷത്തെ ആഡിറ്റിൽ പാലിക്കപ്പെടുന്നു എന്നത് സഹകരണ ആഡിറ്റ് ഡയറക്ടറും ബന്ധപ്പെട്ട ജോയിന്റ് ഡയറക്ടർമാരും അസിസ്റ്റന്റ് ഡയറക്ടർമാരും ഉറപ്പുവരുത്തേണ്ടതാണ്.

ഈ നിർദ്ദേശങ്ങൾ സംബന്ധിച്ച് ഏതെങ്കിലും തരത്തിൽ വ്യക്തതയോ, തുടർനിർദ്ദേശങ്ങളോ ആവശ്യമായി വരുന്ന പക്ഷം സഹകരണ സംഘം രജിസ്ട്രാറുടെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ അത്തരത്തിലുള്ള നിർദ്ദേശങ്ങൾ, വ്യഖ്യാനങ്ങൾ തുടങ്ങിയവ പുറപ്പെടുവിക്കാൻ പാടുള്ളൂവെന്ന് സഹകരണ ആഡിറ്റ് ഡയറക്ടർ ഉറപ്പാക്കേണ്ടതാണ്.

സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ വരുന്നതും ബാങ്കിംഗ് റെഗുലേഷൻ നിയമത്തിന്റെ പരിധിയിൽ വരാത്തതുമായ എല്ലാ സഹകരണ സംഘങ്ങൾക്കും എല്ലാത്തരം വായ്പകൾക്കും മേൽ വ്യവസ്ഥകൾ ബാധകമായിരിക്കുന്നതാണ്.

ഒപ്പ്

SUBHASH.T.V IAS
REGISTRAR OF CO-OPERATIVE SOCIETIES

പകർപ്പ്:-

1. സഹകരണസംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
2. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
3. എല്ലാ അഡീഷണൽ രജിസ്ട്രാർമാരുടെ മേശപ്പുറത്ത്.

4. എല്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും.
5. എല്ലാ സഹകരണസംഘം ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും.
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/ അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മുഖേന) .
7. എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾ/ ബാങ്കുകൾക്കും, (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന).
8. എഡിറ്റർ, സഹകരണ വീഥി (പ്രസിദ്ധീകരണത്തിന്).
9. വെബ് സൈറ്റ്.
10. സ്റ്റോക്ക് ഫയൽ.

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(ക്രെഡിറ്റ്-1)